# ചക്രദത്തം:  പ്രത്യേക രോഗങ്ങളും ചികിത്സയും

**ഡോ. സുശീല സജി**

ആയുർവ്വേദം പഠിയ്ക്കാൻ കഴിഞ്ഞത് ഏതോ ജന്മാന്തര സുകൃതം. ആയുർവ്വേദ ചരിത്രം പഠിച്ചപ്പോൾ മുതൽ മനസ്സിൽ അങ്ങേയറ്റം ഭയഭക്ത്യാദരങ്ങളോടെ മാത്രം വീക്ഷിച്ചിരുന്ന ഒരു അഷ്ട വൈദ്യകുടുംബത്തിലേയ്ക്ക് ഒരു ശാസ്ത്ര പ്രബന്ധാവതരണത്തിന് അവസരം ലഭിയ്ക്കുന്നത് അതിലേറെ പുണ്യം.

ഗുരുപരമ്പരകളെ മുഴുവൻ മനസ്സിൽ നമിച്ചുകൊണ്ട്, എസ്.എൻ.എ. എന്ന മഹാപ്രസ്ഥാനത്തിനു കാരണഭൂതനായ യശഃശരീരനായ ശ്രീ. ഉണ്ണിമൂസ്സിന്റെ ദിവ്യസ്മരണകൾക്കു മുമ്പിൽ ഒരുപിടി ബാഷ്പാഞ്ജലികളർപ്പിക്കുന്നു.

സമാദരണീയരായ എസ്.എൻ.എ.യുടെ സാരഥി അഷ്ടവൈദ്യൻ ശ്രീ വാസുദേവൻ മൂസ്സ്, അദ്ധ്യക്ഷനും എസ്.എൻ.എ.യുടെ ചീഫ് ഫിസിഷ്യനുമായി ശ്രീ നാരായണൻ നമ്പി, ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടർ, വേദിയിലെ മറ്റ് വൈദ്യമഹാരഥന്മാർ, സദസ്സിലെ ഗുരുസ്ഥാനീയരും, സതീർത്ഥ്യരും, സമകാലീനരുമൊക്കെയായ വൈദ്യശ്രേഷ്ഠന്മാർ, ഭാവിയിലെ മികച്ച വൈദ്യന്മാരാകേണ്ട വിദ്യാർത്ഥീവിദ്യാർത്ഥിനികൾ, എസ്.എൻ.എ. കുടുംബാംഗങ്ങൾ എല്ലാവർക്കും എന്റെ വിനീതമായ പ്രണാമം!

ചക്രദത്തത്തെക്കുറിച്ചുള്ള എന്റെ ആദ്യകാലാനുഭവം ചുരുക്കി പറഞ്ഞാൽ, പഠനകാലം കഴിഞ്ഞു വന്ന് എല്ലാ രോഗങ്ങളും ചികിത്സയും നന്നായി പഠിച്ചു, ഇനി രോഗിയെ കിട്ടിയാൽ മതി എന്ന തോന്നലിൽ ഇരിയ്ക്കെ, അഷ്ടാംഗഹൃദയം, ചരകം, സുശ്രുതം തുടങ്ങി നമ്മുടെ ക്ലാസ്സിക്കൽ ഗ്രന്ഥങ്ങളിൽ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പലവിധ അസ്വസ്ഥതകളും രോഗലക്ഷണങ്ങളുമായിട്ടാണ് അന്നെന്റെ നാട്ടിൻപുറത്തെ രോഗികൾ വന്നിരുന്നത്. അപ്പോൾ ഇനിയെന്ത് എന്ന അന്ധാളിപ്പോടെ എടുത്തു മറിച്ചു നോക്കുമ്പോൾ സർവ്വജ്ഞനായ ഒരു ഗുരുവിനെപ്പോലെ അവയ്ക്കൊക്കെ യുക്തമായ ചികിത്സാഫോർമുലകളുണ്ടാക്കാൻ സഹായിച്ച ഒരുത്തമ വഴികാട്ടിയായിരുന്നു ചക്രദത്തം.

വിഷയത്തിലേയ്ക്ക് കടക്കാം.

## <u>പുതിയതായി പരിചയപ്പെടുത്തിയ രോഗങ്ങളും, അവയുടെ പ്രത്യേകതകളും</u>

മറ്റു പ്രധാന ആയുർവ്വേദ സംഹിതകളിൽ നിന്നും വ്യതിരിക്തമായി ചക്രദത്തം താഴെ പറയുന്ന രോഗങ്ങളാണ് നമുക്ക് പരിചയപ്പെടുത്തുന്നത്.

1. ജ്വരാതിസാരം
2. അമ്ലപിത്തം
3. സ്ഥൗല്യം
4. ഗളഗണ്ഡം
5. സ്നായുകം

6. ബ്രദ്ധ്നം
7. മൂർച്ഛാ, ഭ്രമം, സന്ന്യാസം
8. ശ്ലീപദം
9. പ്ലീഹായകൃത് വ്യാധികൾ
10. യൂകാചികിത്സ

**ജ്വരാതിസാരം**

അഷ്ടാംഗഹൃദയത്തിൽ ജ്വരാതിസാരത്തിന് ഒരു പേയ മാത്രവും, ശാർങ്ഗധരസംഹിതയിൽ ബൃഹത്ഗുളൂച്യാദി, നാഗരാദി എന്നീ രണ്ട് കഷായങ്ങളിൽ മാത്രവും ചികിത്സ ഒതുക്കുമ്പോൾ ചക്രദത്തത്തിൽ ജ്വരാതിസാരം ഒരു പ്രകരണമായി തന്നെ വിവരിക്കുന്നു.

*ചികിത്സാതത്വം:* ലംഘനം, പേയാദിക്രമം, ശമനം.

*പേയാദിയായി,*
ഓരില, ചുക്ക്, ബലാമൂലം, ചെങ്ങഴിനീർകിഴങ്ങ്, കൂവളമജ്ജ കൊത്തമല്ലി ഇവ കൊണ്ട് ഉണ്ടാക്കിയ കഞ്ഞി മാതളനാരങ്ങനീർ ചേർത്ത് കഴിക്കുവാനും

*ശമനചികിത്സയായി*
പാഠാദി , കലിംഗാദി, നാഗരാദി, വത്സകാദി, ഗൂളൂച്യാദി , നാഗരാമൃതാദി, ഉശീരാദി, മുസ്തകാദി, പഞ്ചമൂല്യാദി, ഘനാദി കഷായങ്ങളും

ഉല്പലാദി, വിഡംഗാദി, വ്യോഷാദി, കിരതാബ്ധാദി ചൂർണ്ണങ്ങളും

കലിംഗ ഗുളികയുമൊക്കെയായി അവസ്ഥാഭേദത്തിനനുസരിച്ച് കൊടുക്കാനുള്ള ഔഷധങ്ങളുടെ ഒരു നീണ്ടനിര തന്നെ ആചാര്യ ചക്രപാണി നമുക്കു മുന്നിലിട്ടു തരുന്നു.

ജ്വരാതിസാരം ഒരു സർവ്വ സാധാരണാവസ്ഥയല്ലെങ്കിലും യഥാവിധി ആമപാചനം നടത്താതെ ചികിത്സിയ്ക്കുന്ന ജ്വരത്തിലോ ജ്വരത്തിന്റെ ആമാവസ്ഥയിൽ ഗുരുത്വാന്നം കഴിയ്ക്കുന്നവരിലോ അതിസാരം കണ്ടുവരുന്നുണ്ട്. അത്തരം സന്ദർങ്ങളിൽ ഈ ലംഘന പേയാദികളും ഒന്നു രണ്ടു ശമനകഷായങ്ങളും ഓർത്തിരിക്കേണ്ടതാണ്.

**അമ്ലപിത്തം**

ഇന്നത്തെ തലമുറയുടെ ഫാസ്റ്റ് ഫുഡ് സംസ്കാരവും, അമിതമായ മാനസിക സമ്മർദ്ദങ്ങളും, ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കുന്ന ആധുനികൗഷധങ്ങളുടെ സ്ഥിരോപയോഗവും സമ്മാനിക്കുന്ന ഒരു തീരാശാപമായി ഇപ്പോൾ സർവ്വസാധാരണ വ്യാധിയാണ് അമ്ലപിത്തം.

അഷ്ടാംഗഹൃദയകാരൻ അമ്ലപിത്തത്തെ മറ്റു രോഗങ്ങളുടെ കേവല ലക്ഷണമായൊതുക്കി കാര്യമായ ചികിത്സ നിർദ്ദേശിക്കാതെ കടന്നുപോകുമ്പോൾ, കലിയുഗ ജനതയുടെ ഭാവി പരിഷ്കാര

ങ്ങൾ മുന്നിൽ കണ്ടുകൊണ്ടാവണം ചക്രദത്തത്തിൽ അമ്ലപിത്തവും ഒരദ്ധ്യായമായി തന്നെ വിവരിയ്ക്കുന്നു.

*ചികിത്സാതത്വം*

''വാന്തിം കൃത്വാമ്ലപിത്തേ വിരേകം മൃദു കാരയേത്''

ഊർദ്ധ്വഗാമ്ലപിത്തത്തിൽ മൃദുവമനവും, അധോഗത്തിൽ മൃദുവിരേകവും ആവശ്യമെങ്കിൽ സ്നേഹവസ്തികളും കഷായവസ്തികളും ചെയ്തു ശരീരശുദ്ധി വരുത്തണം. ഒപ്പം ശമനൗഷധങ്ങളും പഥ്യാഹാരങ്ങളും നിർദ്ദേശിയ്ക്കുന്നു.
മലർപ്പൊടി പഞ്ചസാര ചേർത്തു പലവട്ടം കഴിയ്ക്കുന്നത് ഏറ്റവും ശമനൗഷധമായി പറയുന്നു. അത് കൊടുത്തനുഭവമുണ്ട്.

യവാദി, വാശാദി, ശൃംഗിവേരാദി, ഫലത്രകാദി, പടോലാദി കഷായങ്ങൾ,

*പഥ്യാദിചൂർണ്ണം:* കടുക്ക, കയ്യോന്നി എന്നിവ പഴയ ശർക്കര ചേർത്തു സേവിക്കുക.

വാശാദിഗുൽഗുലു, വാശാ തിക്തക പിപ്പലീഘൃതങ്ങൾ, ഗുഡകൂശ്മാണ്ഡകം, ഖണ്ഡാമലകി ഇവയും,

തദർത്ഥകാരീ ചികിത്സകളായി രാവിലെ തിപ്പലി, തേൻ ചേർത്തും, സന്ധ്യയ്ക്ക് ചെറുനാരങ്ങാനീര് സേവിയ്ക്കാനും പറയുന്നു.

*പഞ്ചനിംബ ചൂർണ്ണം:* വേപ്പിന്റെ പഞ്ചാംഗം സമം മലർപ്പൊടിയും പഞ്ചസാരയും ചേർത്ത് അതിഭയങ്കര അമ്ലപിത്തത്തിൽ ഉപയോഗിക്കാം. ശൂലനാശകവുമാണിത്.

ജീരകാദി, ദ്രാക്ഷാദി, ശതാവരീ ഘൃതങ്ങൾ അപുനർഭവ ചികിത്സക്കായി ദീർഘകാലം സേവിപ്പിക്കാവുന്നവയാണ്.

*ക്ഷുധാവതീ ഗുളിക:* അഭ്രം, ലോഹം, പുരാണകിട്ടം, രസം, ഗന്ധകം ഇവയും ബ്രഹ്മി, തിപ്പലി, നിലപ്പന, ശതാവരി തുടങ്ങി 36 പച്ച മരുന്നുകളും ഇഞ്ചിനീരിൽ 3 ദിവസം ഭാവന ചെയ്തരച്ച് ഗുളികയുരുട്ടിയത് സേവിച്ചാൽ,

''ഹന്ത്യമ്ലപിത്തം വിവിധം, ശൂലം ച പരിണാമജം
പാണ്ഡുരോഗം ച ഗുല്മം ച, ശോഫോദരഗുദാമയാൻ
യക്ഷ്മാണം പഞ്ചകാസഞ്ച, മന്ദാഗ്നിത്വമരോചകം
പ്ലീഹാനം ശ്വാസമാനാഹം ആമവാതം സുദാരുണം
ഗുഡീ ക്ഷുധാവതീ സേയം വിഖ്യാതം രോഗനാശിനീ''

ഇത് അമ്ലപിത്തം തുടങ്ങി മേൽപറഞ്ഞ രോഗങ്ങൾക്കെല്ലാമുള്ള ദിവ്യൗഷദമായി വിവരിയ്ക്കുന്നു.

**സ്ഥൗല്യം**

പരിഷ്കൃത ജീവിതശൈലീരോഗമായും, തൈറോയ്ഡ് ഗ്രന്ഥീ വീക്കത്തോടനുബന്ധിച്ചുമൊക്കെ, നമുക്ക് വളരെയധികം യത്നിച്ചു ചികിത്സിക്കേണ്ടിവരുന്ന, ആബാലവൃദ്ധം ജനങ്ങളിലും, വിശേഷിച്ച് ഉന്നത ജീവിതനിലവാരത്തിൽ വളരുന്ന കുട്ടികളിലും ഓഫീസ് ജോലിക്കാരിലും തീരാശാപമായിരിയ്ക്കുന്ന മറ്റൊരവസ്ഥയാണിപ്പോൾ അതിസ്ഥൗല്യം.

പൗരാണിക കാലത്ത് ധനികദരിദ്രഭേദമന്യേ എല്ലാ ജനങ്ങൾക്കും, വാഹനങ്ങളുടേയും, അദ്ധ്വാനം കുറയ്ക്കുന്ന മറ്റുപകരണങ്ങളുടേയും അഭാവത്തിൽ വേണ്ടത്ര വ്യായാമം ഉണ്ടായിരുന്നതിനാലും, ഫാസ്റ്റ് ഫുഡ്ഡുകളില്ലാതിരുന്നതിനാൽ കൊഴുപ്പേറിയ ആഹാരത്തിന്റെ അഭാവവും കാരണം അതിസ്ഥൗല്യന്മാർ തുലോം വിരളമായിരുന്നതിനാലാവണം മറ്റു പ്രാമാണിക ഗ്രന്ഥങ്ങളിലൊന്നും സ്ഥൗല്യ ചികിത്സ വ്യക്തമായി പരാമർശിയ്ക്കുന്നില്ല. എന്നാൽ, വരുംതലമുറയെ മുന്നിൽ കണ്ടുകൊണ്ടെന്നവണ്ണം ആചാര്യ ചക്രപാണി അതിവിസ്തൃതമായി തന്നെ സ്ഥൗല്യചികിത്സയും അതിനോടനുബന്ധ വികാരശമനോപാധികളും വിവരിയ്ക്കുന്നു.

വഴിനടപ്പ്, തേൻ വെള്ളത്തിൽ ചേർത്ത് അതിരാവിലെ സേവിയ്ക്കുക, ഉറക്കമിളപ്പ്, ചൂടുള്ള കഞ്ഞിതെളി, പിപ്പല്യാദിചൂർണ്ണം തൈരിൻ വെള്ളത്തിൽ കൊടുക്കുക എന്നിവയും

ലോഹഭസ്മം, വ്യോഷാദിസക്തു, അമൃതാഗുൽഗുലു, നവകഗുൽഗുലു, ലൗഹരസായനം, തൃഫലാദ്യം തൈലം എന്നിവയും ചികിത്സയായി പറയുന്നു.

അതിസ്ഥൗല്യക്കാരുടെ മറ്റൊരുപദ്രവമായ അതിദുർഗന്ധത്തോടുകൂടിയ വിയർപ്പിന് പ്രത്യേകം കുറിക്കൂട്ടുകളായി, കടുക്ക, പാച്ചോറ്റി, വേപ്പില, മാവിൻതൊലി, താളിമാതള തൊലി ഇവ അരച്ചു ലേപനം, ദളാദിലേപനം, ഹരിതാലം, മഞ്ഞൾ, മരമഞ്ഞൾതൊലി ലേപം, പുളിയില നീരിൽ, ചുട്ട മഞ്ഞൾ പൊടിച്ചു ചേർത്ത് ഉദ്വർത്തനം മുതലായവ വിവരിക്കുന്നു.

കൈകാലുകളുടെ അമിത വിയർപ്പ്, അമിത വണ്ണക്കാരും, അമിതാശങ്കികളുമായ അനേകം പേർ അനുഭവിയ്ക്കുന്ന ഒരുപദ്രവ വ്യാധിയാണ്. അതിന്,

''ഹസ്തപാദസ്രുതൌ യോജ്യം ഗുൽഗുലും പഞ്ചതിക്തകം
അഥവാ പഞ്ചതിക്താഖ്യം ഘൃതം ഖാദേദതന്ദ്രതഃ''

എന്ന് സ്ഥൗല്യപ്രകരണത്തിൽ തന്നെ ഉപായം നിർദ്ദേശിച്ചു കൊണ്ടാണ് ആചാര്യ ചക്രപാണി സ്ഥൗല്യചികിത്സ അവസാനിപ്പിക്കുന്നത്.

**പ്ലീഹായകൃത് വ്യാധികൾ**

സർക്കാർ ജനനന്മയ്ക്ക് വേണ്ടി കനിഞ്ഞനുവദിച്ചിട്ടുള്ള മുക്കിനുമുക്കിലുള്ള മദ്യശാലകളുടെ ആധിക്യവും, ഫാസ്റ്റ് ഫുഡ്, അലോപ്പതി മരുന്നുകളുടെ അമിതോപയോഗവും, ഭക്ഷണത്തിലൂടെയും

മറ്റു വിധത്തിലും അകത്തു കയറുന്ന കീടനാശിനീ വിഷങ്ങളുമൊക്കെ ചേർന്ന് നൂറുകണക്കിന് യകൃത്പ്ലീഹാ രോഗികളാണ് ദിവസവുമുണ്ടായിക്കൊണ്ടിരിക്കുന്നത്.

*പ്ലീഹാരോഗങ്ങൾക്ക്:*

യവാന്യദിചൂർണ്ണം, പിപ്പലീപ്രയോഗം (പ്ലാശിൻക്ഷാരജലത്തിൽ ഭാവന ചെയ്ത പിപ്പലി സേവിയ്ക്കുക), വിവിധ ക്ഷാരങ്ങൾ, ഭല്ലാതകാദിമോദകം, ശോഫാഞ്ജനാദി യോഗം, ഷ്ടപലഘൃതം എന്നിവയും

വെള്ളുള്ളി, കാട്ടുതിപ്പലി വേര്, കടുക്കത്തോട് ഇവ വായിലിട്ട് ചവയ്ക്കുക, ഗോമൂത്രം കവിൾ കൊള്ളുക എന്നിവയും ചികിത്സയായി പറയുന്നു.

*യകൃത് വ്യാധികൾക്ക്:*

കൊഴിഞ്ഞിൽ വേരരച്ച് മോരിൽ കലക്കി സേവിയ്ക്കുക
കൊഴിഞ്ഞിൽ വേര്, കടുക്ക ഇവ വായിലിട്ടു ചവയ്ക്കുക
കുന്നിവേര് കഷായം വെച്ച് ഇന്തുപ്പ്, കോൽപുളി ഇവ  ചേർത്ത് കഴിയ്ക്കുക
മാമ്പഴനീരിൽ തേൻ ചേർത്ത് സേവിയ്ക്കുക
രോഹിതകാദിചൂർണ്ണം

ഇവ കൊണ്ട് സകല യകൃത്രോഗങ്ങൾ, പ്ലീഹ, മഹോദരം, അർശസ്സ്, കൃമി, ഗുല്മം ഇവ ശമിയ്ക്കുമെന്ന് പറയുന്നു.

ഇവ കൂടാതെ പിപ്പല്യാദിചൂർണ്ണം, പിപ്പലീവർദ്ധമാന പ്രയോഗം, പിപ്പലീചിത്രകഘൃതം, മഹാരോഹീതകഘൃതം തുടങ്ങി ഔഷധങ്ങളുടെ ഒരു നീണ്ട നിര തന്നെ നമുക്ക് മുന്നിലിട്ടുതരുന്നു ചക്രപാണികവി. എന്നിട്ടും നമ്മിൽ പലരും പ്ലീഹായകൃത് വ്യാധികൾ ചികിത്സിക്കേണ്ടി വരുമ്പോൾ കേവലം പടോലാദിഗണം, പുനർന്നവാദി, തിക്തൗഷധങ്ങളിലൊതുക്കുന്നു ചികിത്സ എന്നതാണ് വാസ്തവം. അല്ലെങ്കിൽ മറ്റെവിടേയ്ക്കെങ്കിലും റഫർ ചെയ്യുന്നു.

എന്നാൽ ചക്രദത്തത്തിൽ വലിയ വിലയുള്ള മഹാഘൃതങ്ങൾ തൊട്ട് ഏതു പട്ടിണിപ്പാവങ്ങളേയും കുറഞ്ഞ ചിലവിൽ ചികിത്സിയ്ക്കാവുന്ന നിസ്സാര യോഗങ്ങൾ വരെയുണ്ട് എന്നത് ഏതു രോഗിയേയും സുഗമമായി ചികിത്സിക്കാൻ നമ്മെ പ്രാപ്തമാക്കുന്നു.

ഔഷധ സേവയിൽ ശമിയ്ക്കാത്ത പ്ലീഹായകൃത് രോഗികൾക്ക് തൈര് ചേർത്ത് ചോറ് കൊടുത്തതിനു ശേഷം രോഗിയുടെ ഇടത്തേ കൈയ്യുടെ നടുക്കുള്ള ഞരമ്പു മുറിച്ച് പ്ലീഹാരോഗവും, വലത്തേ കൈയ്യിൽ സിരാവേധം ചെയ്ത് യകൃത് രോഗവും ശമിപ്പിയ്ക്കാൻ നിർദ്ദേശിയ്ക്കുന്നു.

ഒരു വിധത്തിലും ശമനം കിട്ടാത്ത യകൃതോദര രോഗികളിലും മറ്റും ഇപ്പറഞ്ഞ രക്തമോക്ഷം ചെയ്തു നോക്കേണ്ടതാണ്. കാരണം, മറ്റനേകം രോഗങ്ങളിൽ രക്തമോക്ഷം കൊണ്ട് ക്ഷിപ്രഫലം കിട്ടുന്നത് നിരവധി തവണ കണ്ടിട്ടുള്ളതാണ്.

**ഗളഗണ്ഡം**

ഗളഗണ്ഡം, തൈറോയ്ഡ് ഗ്രന്ഥിവീക്കമായെടുക്കുകയാണെങ്കിൽ ഇക്കാലത്ത് സർവ്വസാധാരണയായി ചികിത്സിക്കേണ്ടി വരുന്ന രോഗമാണിത്. അതിനുള്ള ചികിത്സകൾ ചക്രദത്തത്തിൽ വളരെ വിശദമായി പറയുന്നു.

''യവമുദ്ഗപടോലാദി കടുരൂക്ഷം ച ഭോജനം
ഛർദ്ദിം സരക്തമുക്തിം ച ഗളഗണ്ഡേ പ്രയോജയേത്''

രൂക്ഷഭോജനം, വമനം, രക്തമോക്ഷം, നസ്യം വളരെ എളുപ്പമുള്ളവയും ഏതു കാലാവസ്ഥയിലും ലഭ്യമായിട്ടുള്ള നിരവധി ലേപനങ്ങൾ, മൂർദ്ധതൈലം ഇവ കൊണ്ട് ഏതവസ്ഥയിലുള്ള ഗളഗണ്ഡവും ശമിപ്പിയ്ക്കാമെന്നു പറയുന്നു.

*ലേപനത്തിന്:*
പ്ലാശിൻവേര് അരിക്കാടിയിലരച്ചു തേയ്ക്കുക
തൊഴുകണ്ണി, വെളുത്തുള്ളി കല്ക്കം ഉപനാഹം
ചെറുതേക്കിൻ വേര് കാടിയിലരച്ചു തേയ്ക്കുക
നച്ചെലിയുടെ മാംസമിട്ടു കാച്ചിയരിച്ച എണ്ണ തേയ്ക്കുക ഇവയും

വരണാദി കഷായപാനം, മണ്ഡൂരഭസ്മം തേനിൽ കഴിക്കുക തുടങ്ങി നൂറു ശതമാനം ഫലപ്രാപ്തി കിട്ടാവുന്ന പ്രയോഗങ്ങൾ അനവധിയാണ്.

ഇതിൽ വരണാദി കഷായം, ഘൃതം, കാഞ്ചനാരഗുൽഗുലു, മണികുന്തിരിക്കാദി ലേപം, നിർഗുണ്ഡ്യാദി തൈലം, ശിരോഭ്യംഗം ഇവ കൊണ്ട് ഗളഗണ്ഡം സുഖപ്പെടുത്താൻ കഴിഞ്ഞിട്ടുള്ള അനുഭവം ധാരാളമുണ്ട്.

**ബ്രദ്ധ്ന രോഗം**

അസാദ്ധ്യമായ ലിംഗ വേദന - ഇത് മറ്റൊരു ഗ്രന്ഥത്തിലും പറയുന്നില്ല.
ഗോതമ്പോ കുന്തിരിക്കമോ ആട്ടിൻ പാലിലരച്ച് തേയ്ക്കുക.
ജീരകം, അടയ്ക്കാമണിയൻ വേര്, ഗോതമ്പ്, കൊട്ടം, ലന്തക്കുരു ഇവ കാടിയിലരച്ച് തേയ്ക്കുക
സൈന്ധവാദ്യം തൈലം കൊണ്ട് വസ്തി
സൗരേശ്വരഘൃതം, ശതപുഷ്പാദ്യം ഘൃതം ഇവ സേവിപ്പിക്കുക
എന്നിവ ചികിത്സയായി പറയുന്നു.

**സ്നായുകം**

സ്നായുകമെന്ന രോഗത്തിന് വിസർപ്പത്തെ പോലെ ചികിത്സിക്കാൻ പറയുന്നു.

മൂന്ന് ദിവസം പശുവിൻ നെയ്യ് സേവിയ്ക്കുക

മൂന്ന് ദിവസം കരിനൊച്ചിയില നിര് സേവിയ്ക്കുക
മുരിങ്ങവേരോ ഇലയോ കാടിയിലരച്ച് ഇന്തുപ്പ് ചേർത്ത് ലേപനം
മുഷ്ക്കകവൃക്ഷത്തിന്റെ തൊലി അരച്ച് ലേപനം
ഇവ വിശേഷ ചികിത്സകളായി പറയുന്നു.

**മൂർച്ഛാ, ഭ്രമം, സന്ന്യാസം**

മറ്റു ഗ്രന്ഥങ്ങളിൽ ശാർങ്ഗധര സംഹിതാകാരൻ മാത്രമാണ് ഈ മൂന്നവസ്ഥകൾ പറയുന്നത്. എന്നാൽ, മൂർച്ഛാ, ദോഷഭേദേന നാലുവിധം ഭ്രമം, സന്ന്യാസം ഇവ ഓരോ വിധം മാത്രം എന്നു പറയുന്നതല്ലാതെ ചികിത്സ പറയുന്നില്ല. എന്നാൽ ചക്രദത്തത്തിൽ വ്യക്തമായ ചികിത്സകൾ തന്നെ പറയുന്നു.

*മദമൂർച്ഛാ ചികിത്സ:*
തണുത്ത ദ്രവദ്രവ്യങ്ങൾ തളിക്കുക
തണുത്ത വെള്ളത്തിലിരുത്തുക
ശീതളദ്രവ്യങ്ങൾ ലേപനം ചെയ്യുക
മധുരദ്രവ്യങ്ങളിട്ടു കാച്ചിയ പാൽ
മാതളനാരങ്ങാനീര് ചേർത്ത് മാംസരസം
യവം, ചെന്നെല്ലരി, തിന, ചെറുപയർ
വിഷജ മൂർച്ഛയിൽ വിഷഹരൗഷധ പ്രയോഗങ്ങൾ
കോലാദി ചൂർണ്ണം, മഹൗഷധാദി കഷായം
ഇവയെല്ലാം മദമൂർച്ഛാഹരങ്ങളായി പറയുന്നു.

*ഭ്രമ ചികിത്സ:*
ശതാവരി, ബലാമൂലം, മുന്തിരി കഷായം പഞ്ചസാര മേമ്പൊടി ചേർത്ത് കഴിപ്പിക്കുക
ബലാമൂല കഷായത്തിൽ നെയ്യ് ചേർത്ത് കഴിപ്പിക്കുക
ത്രിഫല, പുരാണഘൃതം - ഇവയെല്ലാം ഭ്രമനാശനങ്ങളാണ്.

ത്രിഫലാചൂർണ്ണം തേനിൽ രാത്രിയിലും ഇഞ്ചിനീര്, ശർക്കര ഇവ ചേർത്ത് രാവിലെയും സേവിക്കുന്നത് മദം, മൂർച്ഛ, കാസം, ഉന്മാദം, കാമലാ എന്നിവയെ ശമിപ്പിക്കുമെന്ന് പറയുന്നു.

*സന്ന്യാസ ചികിത്സ:*
തീക്ഷ്ണമായ അഞ്ജനം, ശുഷ്ക്കനസ്യം, ധൂമപാനം, പ്രധമനം, സൂചി കൊണ്ടു നഖമദ്ധ്യത്തിൽ കുത്തുക. മുടി മുറിയ്ക്കുക, നായ്ക്കുരുണ പൊടി ദേഹത്തു വിതറുക ഇവയെല്ലാം സന്ന്യാസ ചികിത്സകളായി പറയുന്നു.

**ശ്ലീപദം**

അഷ്ടാംഗഹൃദയകാരൻ ശ്ലീപദം സൂചിപ്പിക്കുന്നുണ്ടെങ്കിലും വ്യക്തമായ ചികിത്സ പറയുന്നില്ല. ശാർങ്ഗധരസംഹിതയിൽ ഒരു ശമനകഷായം മാത്രം പറഞ്ഞു നിർത്തുന്നു. എന്നാൽ ചക്രദത്തത്തിൽ,

വാതജ ശ്ലീപദത്തിൽ സ്നേഹസ്വേദോപനാഹങ്ങൾ രക്തമോഷം

പിത്തജ ശ്ലീപദത്തിൽ   രക്തമോക്ഷം ചെയ്ത് പിത്താർബുദ വിസർപ്പ ചികിത്സകൾ

കഫജ ശ്ലീപദത്തിൽ   രക്തമോക്ഷം, വിവിധ ലേപനപാനങ്ങൾ

സർവ്വശ്ലീപദങ്ങൾക്കും   ത്രികടാദി ചൂർണ്ണം
പിപ്പല്യാദി ചൂർണ്ണം
കൃഷ്ണാദി മോദകം
വിഡംഗാദി തൈലം
സൗരേശ്വരഘൃതം

ഇവയെല്ലാം ശ്ലീപദനാശകങ്ങളായ അതിവിശിഷ്ട യോഗങ്ങളാണ്.

ഇതിൽ സൗരേശ്വരഘൃതം ത്രിദോഷജ ശ്ലീപദം, അപചി, ഗണ്ഡമാല, ആന്ത്രവൃദ്ധി, അർബുദം, ഗ്രഹണി, ശോഫം, അർശസ്സ്, സർവ്വകൃമികൾ ഇവ നശിപ്പിക്കുന്ന ജീവകനിർമ്മിതമായ അതിവിശേഷ യോഗമാണ്.

**യൂകാ**

തലയിലെ പേൻ നിശിപ്പിക്കുന്നതിനുള്ള ഉപാധികൾ ചക്രദത്തത്തിൽ വളരെ എളുപ്പമായി പറയുന്നു.

രസഭസ്മം ഉമ്മത്തില നീരിലോ, വെറ്റിലനീരിലോ ചാലിച്ചു തേയ്ക്കുക.

## യോഗങ്ങളുടെ പ്രയോഗത്തിലുള്ള വ്യത്യാസങ്ങൾ

ചക്രദത്തത്തിലെ ഓരോ ചികിത്സാപ്രകരണത്തിലും ഔഷധസേവ കൂടാതെ തന്നെ രോഗങ്ങൾ മാറ്റാനുള്ള പല വിദ്യകളും, വളരെ എളുപ്പം പറമ്പിലും, തൊടിയിലും നിന്ന് എടുത്തു പ്രയോഗിക്കാവുന്ന നിരവധി പ്രയോഗങ്ങളും കാണാം. ഉദാഹരണത്തിന്,

- വാതകഫജ്വരശാമകമായ വാലുകാസ്വേദം
- വിഷമജ്വര ചികിത്സയിലെ അഷ്ടാംഗ അപരാജിതാ ധൂപങ്ങൾ
- സന്നിപാതജ്വര ചികിത്സയിൽ പറയുന്ന നീഷ്ഠീവനം (ത്രികടു, ഇന്തുപ്പ് പൊടിച്ച് ഇഞ്ചിനീരിൽ ചേർത്ത് കവിൽക്കൊള്ളുക)
- സന്ന്യാസത്തിൽ സംജ്ഞാകാരകനസ്യം
- തന്ദ്രാനാശകമായ സൈന്ധവാദി നസ്യം
- തൃഷ്ണാ ചികിത്സയിലെ മുഖാലേപം (പഞ്ചാമ്ലങ്ങളുടെ രസം ലേപം), ശീതജലേന വമനം
- കാസഘ്നമായ മനഃശ്ശിലാദി ധൂമപാനം

- ലൗഹക്ഷീരം (ഇരുമ്പു പാത്രത്തിൽ പാൽ കാച്ചി ഏഴ് ദിവസം സേവിക്കുക, പാണ്ഡു, ശോഫം, ഗ്രഹണീഹരം)
- നഷ്ടശല്യാഹരണവിധി (ചവർക്കാരം ചുടുവെള്ളത്തിൽ കലക്കി സേവിപ്പിച്ചതിനു ശേഷം ഓരില വേരരച്ച് വ്രണത്തിനു മുകളിലിട്ടാൽ ശല്യം പുറത്തേക്ക് തള്ളി വരും)
- ഭംഗ ചികിത്സയിലെ വരാടികാ പ്രയോഗം (മഞ്ഞക്കവടി ചൂർണ്ണം 2 - 3 കുന്നിയിട പാലിൽ സേവിച്ചാൽ ഒടിഞ്ഞു തകർന്ന അസ്ഥിഖണ്ഡങ്ങൾ മുളച്ചു വന്ന് കൂടിച്ചേരും)

ഇപ്രകാരം അനേകം പ്രയോഗങ്ങൾ ഗ്രന്ഥത്തിലുടനീളം നമുക്ക് കണ്ടെത്താൻ കഴിയും.

രസായനവിധിയിലെ കടുക്കാ പ്രയോഗത്തിൽ അഷ്ടാംഗഹൃദയക്കാരൻ കടുക്ക 2 വീതം നെയ്യിൽ വറുത്ത് അതിലെ നെയ്യോടുകൂടി 1 വർഷം തുടർച്ചയായി സേവിയ്ക്കുന്നത് നിത്യരസായന ഫലമുണ്ടാക്കുമെന്നു പറയുന്നു.

എന്നാൽ ചക്രദത്തത്തിൽ, കടുക്ക

വർഷക്കാലത്ത് ഇന്തുപ്പ് ചേർത്തും
ശരത്കാലത്ത് പഞ്ചസാര ചേർത്തും
ഹേമന്തകാലത്ത് ചുക്ക് ചേർത്തും
ശിശിരകാലത്ത് തിപ്പലി ചേർത്തും
വസന്തകാലത്ത് തേൻ ചേർത്തും
ഗ്രീഷ്മ കാലത്ത് ശർക്കര ചേർത്തും

സേവിക്കാൻ നിർദ്ദേശിക്കുന്നു. കടുക്കരസായന പ്രയോഗത്തിലെ ഈ വൈശിഷ്ട്യം വലിയൊരു സൂക്ഷ്മപഠനത്തിലൂടെ കണ്ടെത്തിയതായിരിക്കണം ചക്രപാണി കവി.

ഇപ്രകാരം അനേക വിധത്തിലുള്ള പ്രയോഗവ്യത്യാസങ്ങളും പ്രത്യേക ചികിത്സകളും ചക്രദത്തത്തിലുണ്ടെങ്കിലും വിസ്താരഭയം കൊണ്ട് വിവരിക്കുന്നില്ല.

## ഉപയോഗിച്ചിട്ടുള്ള ദ്രവ്യങ്ങളുടെ പ്രത്യേകതകൾ

ചക്രദത്തത്തിൽ പ്രതിശ്യായം മുതൽ അർബുദം വരെ ഏതു വ്യാധിചികിത്സകൾ എടുത്തുനോക്കിയാലും നിസ്സാര ഔഷധങ്ങളും വ്യഞ്ജനങ്ങളും കൊണ്ടുള്ള നാടൻ പ്രയോഗങ്ങൾക്കാണ് ആചാര്യ ചക്രപാണി പ്രാധാന്യം കൊടുത്തിട്ടുള്ളതെന്നു കാണാം.

ജ്വരം:

യൂഷമായി, ചെറുപയർ, ചണംപയർ, കടല, മുതിര, തുവര വേവിച്ച് ചാറൂറ്റി സേവിക്കുവാനും കറിക്ക്, പടവലത്തില, തക്കാരി വഴുതിന, കയ്പൻ പടവലം, പാവൽ, പർപ്പടകപ്പുല്ല്, കൊഴുപ്പ, അമൃതില എന്നിവയും പറയുന്നു.

ജ്വരത്തിൽ മറ്റെല്ലാ ഗ്രന്ഥങ്ങളും ലംഘനത്തിന് പ്രാധാന്യം കൊടുക്കുമ്പോൾ ചക്രദത്തത്തിൽ,

''ജ്വരിതോഹിതമശ്നീയാൽ യദ്യപ്യസ്യാദരുചിർഭവേത്
അന്നകാലേഹ്യഭുഞ്ജാനഃ ക്ഷീയതേ മ്രിയതേ□പി വാ''

രുചിയില്ലെങ്കിലും ജ്വരരോഗി ഇഷ്ടമായി തോന്നുന്നതു ഭക്ഷിക്കണം കാരണം അന്നകാലത്ത് ഉണ്ണാതിരുന്നാൽ ധാതുക്ഷയമോ മരണം തന്നെയോ സംഭവിക്കാം. ഇന്നത്തെ തലമുറക്ക് ഹിതമാവുന്ന ഈ വിധി, നമ്മുടെ നിത്യശൈലിയിൽ നിന്നും മാറി ചിന്തിക്കാനുള്ള ഒരു ചൂണ്ടുപലകയും കൂടിയാണ്.

അന്തർദ്ദാഹം:
നെറുകയിലെ നെല്ലിയ്ക്ക തളം
മലർത്തി കിടത്തി അടിയിൽ ദ്വാരമുള്ള ഓട്ടുപാത്രം നാഭിയിൽ വെച്ച് ജലധാര
തണുത്ത കാടിയിൽ മുക്കി പിഴിഞ്ഞ തുണി ദേഹത്തിടൽ
മാതളയല്ലി, ഇന്തുപ്പ്, തേൻ ഇവ അരച്ച് ശിരസ്സിൽ തളം

കഫപിത്തജ്വരം, രക്തപിത്തം, കാമല:
വാശാരസപ്രയോഗം

സന്നിപാത ജ്വരം:
നിഷ്ഠീവനം - ത്രികടു, ഇന്തുപ്പ് എന്നിവ ഇഞ്ചിനീരിൽ
ജ്വരത്തിലെ സ്വേദാധിക്യത്തിൽ, മുതിര വറുത്തു പൊടിച്ചു കഴിപ്പിയ്ക്കൽ
ജ്വരത്തിലെ നാക്കിന്റെ ജഡതയിൽ, ഇന്തുപ്പ്, തിപ്പലി, ഞരിഞ്ഞാമ്പുളി എന്നിവ നാക്കിലുരസുക.
നാക്കുണങ്ങി വിണ്ടുകീറിയതിൽ, മുന്തിരി തേനിലരച്ചു തേയ്ക്കുക നെയ്യ് കവിൾകൊള്ളുക.

*നിദ്രാനാശം:*
കാകജംഘയുടെ വേര് ശിരസ്സിലരച്ചു കെട്ടുക

*അസാദ്ധ്യാതിസാരത്തിലെ ത്രിഫലാ പ്രയോഗം:*
നെല്ലിക്ക അരച്ചു നാഭിയിൽ തടമുണ്ടാക്കി അതിൽ ഇഞ്ചിനീര് നിറച്ചു നിർത്തുക.

*രക്താതിസാരം:*
തണ്ഡുലീയകല്ക്കം: ചെറുചീര തേൻ, പഞ്ചസാര ചേർത്തരച്ച് കാടിയിൽ സേവിക്കുക.
തിലകൽക്കം: കാരെള്ള്, പഞ്ചസാര ആട്ടിൻപാലിൽ

*പ്രവാഹിക:*
തൈരിൻ പാട തേൻ ചേർത്ത് സേവിപ്പിക്കുക
വെള്ളി പഴുപ്പിച്ച് പാലിലിട്ട് തിളപ്പിച്ച് തണുത്താൽ തേൻ ചേർത്തു സേവിപ്പിക്കുക.

*സ്തനകീലം:*
ആനകുറന്തോട്ടി വേര് വായിലിട്ടു ചവയ്ക്കുക.

*പഴകിയ ഗ്രഹണി:*

ശ്രീഫലകല്ക്ക പ്രയോഗം: കൂവളമജ്ജ ചുക്കും ശർക്കരയും ചേർത്തരച്ച് ശീലിപ്പിക്കുക
തക്രാരിഷ്ട പ്രയോഗം

*അർശ്ശസ്സ്:*
ദഹന പ്രക്രിയ. ക്ഷാരസൂത്രപ്രയോഗം

*ആമാജീർണ്ണം:*
വമനപ്രയോഗം: വയമ്പരച്ച് ഉപ്പ് വെള്ളത്തിൽ കലക്കി കുടിപ്പിക്കുക. (പിത്താശയാശ്മരിയിൽ അജീർണ്ണാന്നം കുഴലിറക്കി വലിച്ചെടുക്കുന്നതിനു പകരം ചെയ്യാവുന്നതാണ്)

*കൃമി:*
അപ്പപ്രയോഗം: എലിച്ചെവിയനില അരി ചേർത്തരച്ച് അപ്പമുണ്ടാക്കി കഴിപ്പിച്ച് മീരെ കാടി കഴിപ്പിയ്ക്കുക

*കാമല:*
മഞ്ഞൾ പൊടി കൊണ്ട് അഞ്ജനം
ദേവതാളീഫല ചൂർണ്ണം നസ്യം

*രക്തപിത്തം:*
ചുക്കൊഴിവാക്കിയുള്ള ഷഡംഗ കഷായപാനകം
നെല്ലിയ്ക്ക ശിരസ്സിൽ തളം
വെള്ളത്തിൽ പഞ്ചസാര (കൽക്കണ്ടം) കലക്കി നസ്യം
കറുകനീര് നസ്യം

*ഉരക്ഷതം:*
ലാക്ഷാമാക്ഷിക പ്രയോഗം

*കുറുന്തോട്ടിയുടെ വിവിധങ്ങളായ പ്രയോഗങ്ങൾ:*
ബലാമൂലചൂർണ്ണം
-തേൻ, നെയ്യ് എന്നിവ ചേർത്ത് ലേഹനം - യക്ഷ്മഹരം
-പാലിൽ ചേർത്ത് ലേഹനം - ജീർണ്ണ ശിരഃശൂലഘ്നം
ബലാമൂലം പാൽകഷായം - ഗർഭപുഷ്ടിദം, ഗർഭശൂലഘ്നം

ഇങ്ങനെ നിസ്സാരങ്ങളും ചുറ്റുവട്ടത്തു നിന്ന് ശേഖരിച്ച് ചെയ്യാവുന്നതും എന്നാൽ ക്ഷിപ്രഫലദായകങ്ങളുമായ അനേകം പ്രയോഗങ്ങൾ ചക്രദത്തത്തിലുടനീളം കാണാം.

## ഭസ്മ സിന്ദൂരങ്ങളും അവയുടെ പ്രയോഗങ്ങളും

ആധുനിക വൈദ്യശാസ്ത്രത്തിലെ ശസ്ത്രക്രിയാവിഭാഗത്തിനും നമ്മുടെ പഞ്ചകർമ്മവിഭാഗത്തിനും സമാന്തരമായി പ്രയോഗിക്കാവുന്ന ആയൂർവ്വേദത്തിലെ അതിശ്രേഷ്ഠവും അത്യത്ഭുതവുമായ ശാസ്ത്രശാഖയാണ് ഭസ്മസിന്ദൂര ചികിത്സയെന്നു പറയാം. അത്യന്തം പീഡാകരവും ചിലവേറിയതു

മായ ശസ്ത്രക്രിയയിൽ, വേണ്ടാത്ത ഭാഗം മുറിച്ചു മാറ്റൽ മാത്രം നടക്കുമ്പോൾ ഭസ്മസിന്ദൂര പ്രയോഗം കൊണ്ട് ശോധനം, ഭേദനം, രോപണം, അപുനർഭവം, പുനർനവീകരണം എന്നീ പ്രക്രിയ കൾ ഒരേ സമയം നടക്കുന്നു എന്നത് ഈ ചികിത്സാരീതിയുടെ വൈശിഷ്ട്യം വിളിച്ചറിയിയ്ക്കുന്നു.

അതുകൊണ്ടു തന്നെയാവണം ആചാര്യ ചക്രപാണി സാധാരണ ചികിത്സകൾ കൊണ്ട് ശമിപ്പി യ്ക്കാൻ കഴിയാത്ത എല്ലാ വ്യാധികൾക്കും ഭസ്മസിന്ദൂര പ്രയോഗങ്ങൾ, അവയിലെ ഔഷധങ്ങളുടെ ശോധന മാരണ നിർമ്മാണ വിധി മുതൽ പ്രയോഗവും ഫലശ്രുതിയും വളരെ ലളിതമായി വിവരിക്കു ന്നു. ഈയൊരൊറ്റ കാര്യം കൊണ്ടുതന്നെ ചക്രദത്തം മറ്റെല്ലാ ചികിത്സാഗ്രന്ഥങ്ങളേക്കാൾ മുന്നിൽ നിൽക്കുന്നു.

ചക്രദത്തത്തിൽ പറയുന്ന ചില പ്രധാന ഭസ്മസിന്ദൂര പ്രയോഗങ്ങൾ നോക്കാം.

***ഗ്രഹണീചികിത്സയിലെ രസപർപ്പടി:***

രസം, ഗന്ധകം എന്നിവ ശുദ്ധിചെയ്ത് കജ്ജളിയാക്കി ഇരുമ്പുപാത്രത്തിൽ ലന്തവിറകു കത്തി ച്ചുരുക്കി, ചാണകത്തിനു മേലെ വെച്ച കദളിവാഴയിലയിലൊഴിച്ച് പൊടിച്ചത് രസപർപ്പടി.
ഒരു കുന്നിയിട സേവിച്ച് അരയാമം കഴിഞ്ഞ് കളിയടയ്ക്ക ഭക്ഷിക്കണം. മൂന്ന് ദിവസം മാത്രം സേവി ക്കുന്നതു കൊണ്ട് ഗ്രഹണി, കുഷ്ഠം, ക്ഷയം, അർശസ്സ്, ശോഫം, അജീർണ്ണം ഇവ ശമിക്കുന്നു.

ഉദരരോഗങ്ങളിൽ ഭസ്മസിന്ദൂരങ്ങൾ പ്രയോഗിക്കാൻ പാടില്ലെന്നാണ് പൊതുവെ ധാരണ. എന്നാൽ ഗ്രഹണി, ഗുന്മം, അന്തർവിദ്രധി, ഉണ്ഡുകപുച്ഛശോഫം (അുലിറശരശലേ), ഗർഭാശയ അണ്ഡാശയമുഴകൾ (ഡലേൃശില ഉശയ്യീശറ & ജഇഛഉ) ഇവ ഈ പ്രയോഗങ്ങൾ കൊണ്ട് സുഖപ്പെടു ത്താൻ കഴിഞ്ഞിട്ടുണ്ട്.

***പാണ്ഡുചികിത്സയിലെ യോഗരാജൻ:***

ത്രിഫല, ത്രികടു 3 ഭാഗം വീതം, കൊടുവേലി വിഴാലരി 1 ഭാഗം വീതം, മാക്കീരക്കല്ല് 5 ഭാഗം, ലോഹഭസ്മം 5 ഭാഗം, പഞ്ചസാര 8 ഭാഗം ഇവ പൊടിച്ച് തേനിൽ കുഴച്ച് ഇരുമ്പ് പാത്രത്തിലാക്കി വെച്ച് അഗ്നിബലത്തിനനുസരിച്ച് സേവിച്ചാൽ പാണ്ഡു, വിഷം, ചുമ, രാജയക്ഷ്മ, വിഷമജ്വരം, കുഷ്ഠം, അജീർണ്ണം, പ്രമേഹം, ശ്വാസം, ഹിധ്മാ, അരുചി, അപസ്മാരം, കാമല, അർശസ്സ് ഇവ നശി പ്പിക്കുന്നു.

നവായസചൂർണ്ണം, മണ്ഡൂരവടകം മുതലായവയുടെ ഫലപ്രാപ്തി നിങ്ങൾക്കേവർക്കും നിത്യാനുഭവമാ യിരിക്കുമെന്നതുകൊണ്ട് വിവരിക്കേണ്ടതില്ല.
*കാമലയിലെ:* പൂനർന്നവാമണ്ഡൂരം, മണ്ഡൂരവജ്രവടകം

*രാജയക്ഷ്മാ ചികിത്സയിലെ:* രസേന്ദ്രഗുഡിക

*കാസചികിത്സയിലെ:*

മനഃശ്ശിലാദി ധൂമപാനം: മനഃശ്ശില, ഹരിതാലം, യഷ്ടി, ജടാമാഞ്ചി, മുത്തങ്ങ ഇവ പൊടിച്ച് തിരിതെറുത്ത് ഓടലെണ്ണയിൽ മുക്കിക്കത്തിച്ച് മൂന്ന് ദിവസം പുകവലിച്ചാൽ കാസം ശമിക്കും.

മനഃശ്ശില ശുദ്ധിചെയ്തത് പാലിലരച്ച് ലന്തയിലയിൽ തേച്ചുണക്കി തിരിയാക്കി പുകവലിക്കുക. ശേഷം വെറ്റില ചവയ്ക്കുക, പാല് കഴിക്കുക - പഞ്ചകാസഘ്നം.

*പരിണാമശൂലയിലെ:*

ക്ഷീരമണ്ഡൂരം, ശതാവരീമണ്ഡൂരം, ചവികാമണ്ഡൂരം, താരാമണ്ഡൂരം, ഗുഡമണ്ഡൂരം, രസമണ്ഡൂരം, ത്രിഫലാലൗഹം ഇവയിലേതെങ്കിലും ഒന്നുകൊണ്ട് തന്നെ പരിണാമശൂല നിശ്ശേഷം സുഖപ്പെടുത്താം.

*ആനാഹശൂലകൾക്ക്:*

രാഠാദിവർത്തി: മലങ്കാരയ്ക്ക, പുകയറ, വിളയുപ്പ്, ത്രികടു, ശർക്കര ഇവ ഗോമൂത്രത്തിലരച്ച് വർത്തിയുണ്ടാക്കി ഗുദത്തിൽ വെച്ചാൽ ആനാഹശൂലകൾക്ക് സദ്യഃശമനമുണ്ടാകും.

*അമ്ലപിത്തത്തിലെ:*

ക്ഷുധാവതീ ഗുളിക അതിവിശിഷ്ട യോഗമാണ് (മുമ്പ് വിവരിച്ചിട്ടുണ്ട്.)

*രസായന വിധിയിലെ:*

ലൗഹരസായനം, അഭ്രരസായനം, രസാദിരസായനം, കന്മദരസായനം എന്നിവ 21 ദിവസം ശീലിക്കുന്നതുകൊണ്ട് കുടിപ്രാവേശികരസായനത്തിന് തുല്യമായ ഫലം നൽകുന്നു.

ശിവഗുളിക ഒരു വർഷം ശീലിച്ചാലും ഇതേ ഫലം സിദ്ധിക്കും.

രസായന ചികിത്സയിൽ കാരിരുമ്പിന്റെ ബലം വരാൻ ലൗഹരസായനത്തിന്റെ 7 വിധികളാണ് വിവരിക്കുന്നത്. കാരിരുമ്പിന്റെ ദൃഢതയും ആരോഗ്യവും ആയുസ്സും കിട്ടുമെന്നു പറയുന്ന വളരെ ചില വുകുറഞ്ഞ ഈ രസായനപ്രയോഗങ്ങൾ നമ്മുടെ പോലീസുകാർക്കും, ആർമിയിലെ ജവാന്മാർക്കും നൽകാവുന്നതാണ്. ഇതിന്റെ മറ്റൊരു പ്രത്യേകത ഈ രസായനം സേവിയ്ക്കുമ്പോൾ മത്സ്യമാംസ ങ്ങൾ കൂട്ടി ഊണ് കഴിക്കാൻ പറയുന്നു. അതിനാൽ പഥ്യത്തിൽ പ്രശ്നവും വരുന്നില്ല.

ഇപ്രകാരം കാന്തം, താമ്രം, ശിലാജതു രസായനം ഇവയെല്ലാം ശുദ്ധി നിർമ്മാണ പ്രയോഗങ്ങള ടക്കം വിവരിക്കുന്നു.

ഇവിടേയും ഭസ്മസിന്ദൂരങ്ങളുടെ പ്രത്യേകതകളായ അല്പമാത്ര, ക്ഷിപ്രഫലം, പ്രയോഗസൗ കര്യം, ഗുണനാശമില്ലായ്ക ഇവ രസായനചികിത്സയും നമുക്ക് എളുപ്പമാക്കിത്തരുന്നു.

## അനുഭവസിദ്ധമായ യോഗങ്ങളും ചികിത്സകളും

ചക്രദത്തവുമായി ബന്ധപ്പെട്ട് എനിയ്ക്കനുഭവസിദ്ധമായ യോഗങ്ങൾ ഒട്ടനവധിയുണ്ട്. അതിൽ ചികിത്സാവഴിയിലെ ഒരു സന്ദിഗ്ധഘട്ടത്തിൽ എന്നെ രക്ഷിച്ച ഒരിക്കലും മറക്കാനാവാത്ത ഒരു യോഗം ആദ്യം പറയാം.

ആയുർവ്വേദ ഡിഗ്രി പഠനം കഴിഞ്ഞ് വീട്ടിലെത്തി ചികിത്സാവൃത്തിയിലേക്ക് പ്രവേശിക്കുന്ന കാലം. എന്റെ ബന്ധുകൂടിയായ 35 വയസ്സുള്ള ഒരു പരിണാമശൂല (ഏമ്മൃേശര ൗഹരലൃ) രോഗി വന്നു. അദ്ദേഹത്തിന് ശക്തമായ വയർ വേദനകൊണ്ട് ഇരിക്കാനും കിടക്കാനും നിൽക്കാനും പറ്റാത്ത അവസ്ഥയിൽ, നിവർന്നു നിന്ന് ശ്വാസം വിടാൻ പോലും കഴിയാതെ വളഞ്ഞു, വേദനിച്ചു നിൽക്കുകയാണ്. വേദനയുടെ ആഴം മുഖഭാവത്തിൽ നിന്നറിയാം. ഉറക്കമില്ല. ശരീരം ദിനംപ്രതി ക്ഷീണിച്ചുകൊണ്ടിരിക്കുന്നു. അലോപ്പതി ആശുപത്രിയിലെ കുടൽരോഗ വിദഗ്ധനെ കണ്ടപ്പോൾ, പരിശോധനകൾക്കൊടുവിൽ ഗുരുതരാവസ്ഥയിലുള്ള കുടൽവ്രണമാണെന്നും പിറ്റേന്നു തന്നെ ഓപ്പറേഷനു വേണ്ടി അഡ്മിറ്റാവാനും പറഞ്ഞു. ശസ്ത്രക്രിയക്കുള്ള പണവും ധൈര്യവുമില്ലാത്തതിനാൽ ആയൂർവ്വേദത്തിൽ എന്തെങ്കിലും ചെയ്തു സുഖപ്പെടുത്തി കൊടുക്കാനാണപേക്ഷ.

ശംഖഭസ്മം തേനിൽ 2 നേരം കഴിയ്ക്കാനും, മലർക്കഞ്ഞി അല്പാൽപ്പം പലവട്ടവും പുളിയില്ലാത്ത പഴച്ചാറുകളും കഴിക്കാൻ പറഞ്ഞ് പിറ്റേന്ന് വരാൻപറഞ്ഞു വിട്ടു.

അഷ്ടാംഗഹൃദയവും ചരകസുശ്രുതങ്ങളുമൊക്കെ പരതി. സദ്യഃഫലദായകങ്ങളായ ഒന്നും കണ്ടില്ല. അവസാനം, കോളേജ് ലൈബ്രറിയിൽ നിന്ന് ചക്രദത്തം വായിച്ചപ്പോൾ എഴുതിയെടുത്ത കുറെ യോഗങ്ങൾക്കിടക്ക് കണ്ട നാഗരതിലാദി ലേഹ്യയോഗം മനസ്സിലുടക്കി.

''നാഗരതിലഗുഡകല്ക്കം പയസ്സാ സംസാദ്ധ്യയഃ പ്രമാനദ്യാൽ
ഉഗ്രം പരിണാമശൂലം തസ്യപൈതി ത്രിസപ്തരാത്രേണ''

ചുക്ക്, എള്ള്, ശർക്കര പാലിലരച്ചു കലക്കി പചിപ്പിച്ച് ലേഹപാകമാക്കി സേവിച്ചാൽ 21 ദിവസം കൊണ്ട് ഭയങ്കരമായ പരിണാമശൂല ശമിക്കുമെന്നാണ് വിധി.

ലേഹ്യമുണ്ടാക്കി പലവട്ടം കൊടുത്താലും ഇടയ്ക്കിടയ്ക്ക് കഴിക്കുന്ന ഭക്ഷണത്തിന്റെ ദഹനപ്രക്രിയയിൽ വീണ്ടും വ്രണരോപണം തടസ്സപ്പെടുകയും വേദന വർദ്ധിക്കുകയും ചെയ്യും. പുറമെയുള്ള വ്രണങ്ങൾക്ക് ഔഷധസേവയോടൊപ്പം മുഴുവൻ സമയം ഔഷധലേപമിടുന്നതു പോലെ ഇവിടെയും ചെയ്യാനെന്താണ് വഴി എന്ന ചിന്തയിലാണ് തിലയവാഗു എന്ന മരുന്നുകഞ്ഞി ആശയം മനസ്സിലുദിച്ചത്. മരുന്നും, ഭക്ഷണവും ഒന്നായാൽ, അത് അല്പാല്പം പലതവണ കഴിച്ചു കൊണ്ടിരുന്നാൽ കുടൽ വ്രണരോപണം എളുപ്പം നടക്കുമല്ലോ!

അങ്ങനെ നാഗരതിലാദി ലേഹ്യത്തിനു പകരം, എള്ളുപൊടി, പച്ചരിയോ ഗോതമ്പ്നുറുക്കോ (രണ്ടും രോപണഗുണമുള്ളവ)1 ഗ്ലാസ് വീതം, ചുക്കുപൊടി 1 സ്പൂൺ, പഞ്ചസാര 3 സ്പൂൺ ഇവ പാകത്തിന് വെള്ളത്തിൽ വേവിച്ച് 2 ഗ്ലാസ്സ് പാൽ ചേർത്ത് തിളപ്പിച്ചിറക്കി ആറിയത് 1 ഗ്ലാസ്സ് വിതം ഒരു മണിക്കൂർ ഇടവിട്ട് കഴിപ്പിച്ചു. ഇടയ്ക്ക് കരിങ്ങാലി വെള്ളവും, രാത്രി ഉറങ്ങാൻ നേരം പഴുപ്പുകുറഞ്ഞ

ഒരു നേന്ത്രപ്പഴവും കഴിക്കാൻ പറഞ്ഞു. അത്ഭുതമെന്നു പറയട്ടെ, ഓരോ തവണ കഞ്ഞി കഴിയ്ക്കുന്തോറും വേദനയും മറ്റസ്വസ്ഥതകളും വളരെ വേഗത്തിൽ കുറഞ്ഞുവന്നു. 3-ാം ദിവസമാകുമ്പോഴേക്ക് വേദന നിശ്ശേഷം മാറി. 7 ദിവസമാകുമ്പോഴേക്ക് അങ്ങനെയൊരു രോഗത്തിന്റെ ലക്ഷണമേതുമില്ലാത്ത അവസ്ഥയായി. രോഗി ആരോഗ്യവാനും ശസ്ത്രക്രിയ ഒഴിവായതിൽ അങ്ങേയറ്റം ആഹ്ലാദഭരിതനുമായി.

അപുനർഭവചികിത്സയായി പടോലകടുരോഹിണ്യാദി കഷായം 2 നേരം ഭക്ഷണത്തിനു മുമ്പും, ഇന്ദുകാന്തഘൃതം 10 ഗ്രാം വീതം 2 നേരം ഭക്ഷണശേഷവും ഒരു മാസക്കാലം കഴിക്കാൻ പറഞ്ഞു. അടുത്ത 1 വർഷം വരെ മാസത്തിലൊരിക്കൽ 5 ദിവസം വീതം 1 നേരം തിലയവാഹു ഉണ്ടാക്കി കഴിയ്ക്കുവാൻ എഴുതി കൊടുത്തു.

ഇപ്പോൾ 20 വർഷം കഴിഞ്ഞു. പിന്നീടിതുവരെ അദ്ദേഹത്തിന് പരിണാമശൂലയോ മറ്റെന്തെങ്കിലും കാര്യമായ അസുഖങ്ങളോ ഉണ്ടായിട്ടില്ല. അതിനുശേഷം നൂറുകണക്കിന് പരിണാമശൂല-അന്നദ്രവശൂല രോഗികളെ (അഹഹ ്യേല ീള ശിലേശേിമഹ ൗഹരലൃ) ഈ മരുന്നു കഞ്ഞി പ്രയോഗം കൊണ്ട് ചികിത്സിച്ചു സുഖപ്പെടുത്തിയിട്ടുണ്ട്.

മരുന്നുകഞ്ഞി സേവ സാദ്ധ്യമല്ലാത്ത രോഗികളിൽ (വിദേശ ജോലിക്കാർ) താരാമണ്ഡൂരം അന്നത്തിന്റെ ആദിമദ്ധ്യാന്തങ്ങളിൽ മാത്ര വിഭജിച്ചു കൊടുത്ത് അനേകം രോഗികളെ സുഖപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

അസാദ്ധ്യപരിണാമശൂലങ്ങളിൽ തിലയവാഗു 7 ദിവസം കഴിപ്പിച്ചതിനുശേഷം, അപുനർഭവമായും കുടലിന്റെ ഉൾഭാഗത്തുള്ള മ്യൂക്കസ്കോട്ട് എന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണത്തിനു വേണ്ടിയും, ചക്രദത്തത്തിലെ തന്നെ നാളികേരഖണ്ഡം 2 – 3 മാസക്കാലം തുടർന്ന് കഴിപ്പിച്ചതിൽ 100% ഫലം കണ്ടിട്ടുണ്ട്.

(2) ജീർണ്ണ ജ്വരത്തിൽ പറയുന്ന ഗുഡപിപ്പലി: പിപ്പലീചൂർണ്ണം ശർക്കരയിൽ കുഴച്ചു സേവിക്കുന്നത് ജീർണ്ണജ്വരം, അഗ്നിമാന്ദ്യം, അരുചി, അജീർണ്ണം, കാസം, ശ്വാസം, ഹൃദ്രോഗം, പാണ്ഡു, കൃമി എന്നിവയിൽ കൊടുത്ത് ധാരാളം അനുഭവമുള്ളതാണ്.

(3) വിഷമജ്വരത്തിൽ (Viral Fever) പറയുന്ന അഷ്ടാംഗാ പരാജിതാധൂപങ്ങൾ 'സർവ്വജ്വരഹരോധൂപഃ' എന്നാണ് പറയുന്നത്. അല്ലാതെ കീടനാശിനി എന്നല്ല. അതിനാൽ കൊതുക് – കീടങ്ങളെ കൂടാതെ ജ്വരത്തിനു കാരണമാകുന്ന വൈറസ്സ് – ബാക്ടീരിയകളെ കൂടി ഈ ധൂപം നശിപ്പിച്ച് ജ്വരശമനം വരുത്തുന്നു എന്നു വേണം കരുതാൻ.

(4) സർവ്വാതിസാരഹരമായ കുടജാവലേഹ്യം: കുടജത്വക് കഷായം സമം മാതളനാരങ്ങാനീര് ചേർത്ത് വറ്റിച്ചത് മോരിൽ പലവട്ടം കഴിക്കുന്നത് – മരണാവസ്ഥയിലെത്തിയ രക്താതിസാരം കൂടി ശമിപ്പിക്കുന്നത് പലവട്ടം അനുഭവം.

''ശോഫം ശൂലം ജ്വരം തൃഷ്ണാം ശ്വാസകാസമരോചകം
ഛർദ്ദീം മൂർച്ഛാഞ്ച ഹിക്കാം ച ദൃഷ്ടാതിസാരിതം ജയേത്

മധുമേഹീ നരോ യസ്തു ഭിന്നവിഡ്കോ ന ജീവതി''

എന്ന് അസാദ്ധ്യനായ അതിസാര രോഗിയുടെ ലക്ഷണം പറയുന്നു. ഈ ലക്ഷണങ്ങളെല്ലാമുള്ള അതിസാരരോഗിക്ക് കുടജാവലേഹവും ഹിംഗുളഭസ്മം തേൻ, ചുവന്നുള്ളിനീർ ചേർത്തും കൊടുത്ത് സുഖപ്പെടുത്തിയ അനുഭവമുണ്ട്.

(5) ദീർഘകാലം പഴകിയ പ്രവാഹികയിൽ തിപ്പലിയോ കുരുമുളകോ പാലിലരച്ചു കലക്കി 3 ദിവസം സേവിപ്പിക്കാൻ പറയുന്നു. പലവട്ടം ചെയ്ത് ഫലം കണ്ടിട്ടുണ്ട്.

(6) ഗ്രഹണീചികിത്സയിലെ ഡാഡിമാഷ്ടക ചൂർണ്ണം, ചാർങ്ഗേര്യാദി ഘൃതം, കല്യാണഗുളം - ഇവയെല്ലാം സ്ഥിരം ഉപയോഗിച്ച് ഫലം കണ്ടുകൊണ്ടിരിക്കുന്ന ഔഷധങ്ങളാണ്. അതിൽ ചാർങ്ഗേര്യാദി ഘൃതം പ്രവാഹിക, അർശസ്സ്, ഗുദഭ്രംശങ്ങളിൽ അതിവിശേഷം.

(7) അർശസ്സിലെ കാങ്കായനവടിക, മൂന്ന് വീതം രാവിലെ മോരിൽ സേവിയ്ക്കുമ്പോൾ സർവഅർശഹരമെന്നത് നിത്യാനുഭവം. കൂടാതെ ബാഹുശാലഗുളം അർശോരോഗികൾക്ക് കൊടുക്കാവുന്ന നിത്യരസായനമാണ്. ഇത് അർശസ്സിനൊപ്പം ഗുല്മം, പ്രമേഹം, പാണ്ഡു, ഹലീമകം, ഉദരം, ഗ്രഹണി, യക്ഷ്മ, പീനസം, പ്രതിശ്യായം, ഊരുസ്തംഭം ഇവ കൂടി ശമിപ്പിയ്ക്കുമെന്നതിനാൽ ദീർഘകാലം കഴിപ്പിക്കാൻ ഒട്ടും ശങ്കിയ്ക്കേണ്ടതില്ല.

(8) അഗ്നിമാന്ദ്യാജീർണ്ണ ചികിത്സകളിലെ ഭാസ്കരലവണം, ഹിംഗ്വഷ്ടകചൂർണ്ണം.

(9) വിഷൂചികാ ചികിത്സയിലെ വമനപ്രയോഗം, അഞ്ജനം.

(10) ഹിധ്മാഹരമായ വിവിധ നസ്യങ്ങൾ, തിപ്പലി പഞ്ചസാര ചേർത്ത് ചൂർണ്ണനസ്യം, ചന്ദനം പാലിൽ നസ്യം

(11) സ്വരസാദത്തിലെ ഭൃംഗരാജഘൃതം

(12) അരോചകത്തിലെ കളഹംസപാനകം

(13) രക്തഛർദ്ദിക്കുള്ള യഷ്ടീചന്ദന പ്രയോഗം

(14) വാതവ്യാധിയിലെ മഹാമാഷ, മാഷ, നാരായണ മഹാനാരായണ, മഹാബലാ, അശ്വഗന്ധ തൈലങ്ങൾ

(15) അസ്ഥിമജ്ജകൾ ക്ഷയിച്ചവർക്കുള്ള മഹാരാജപ്രസാരണീ തൈലങ്ങൾ

(16) വന്ധ്യതയയ്ക്കുള്ള വിഷ്ണുതൈലം

(17) അസ്ഥിഗതവാതത്തിനുള്ള കേതക്യാദി തൈലം

(18) അസാദ്ധ്യവാത രോഗങ്ങളെ ദീർഘകാല സേവയിലൂടെ സുഖസാദ്ധ്യമാക്കുന്ന രസോന തൈലം, സ്വല്പ രസോനപിണ്ഡം

(19) വാതരക്തഹരമായ കൈശോര ഗുൽഗുലു, അമൃതാദി ഗുൽഗുലു

(20) ആമവാത ചികിത്സയിൽ ഒഴിവാക്കാനാവാത്ത ശഠ്യാദികല്ക്കം
രാസ്നാദശമൂല ക്വാഥം, രാസ്നാപഞ്ചകം, രാസ്ന സപ്തകം കഷായങ്ങൾ, വൈശ്വാനരചൂർണ്ണം, യോഗരാജഗുൽഗുലു, രസോനപിണ്ഡം എന്നിവയെല്ലാം അനുഭവസിദ്ധങ്ങളായ യോഗങ്ങളാണ്.

(21) ഗുല്മ ചികിത്സയിലെ ദന്തീഹരീതകീ

(22) രക്തഗുന്മചികിത്സയിലെ ഭല്ലാതകഘൃതം

(23) മഹോദരചികിത്സയിലെ ബിന്ദുഘൃതം

(24) യകൃത് പ്ലീഹാ ചികിത്സയിലെ പിപ്പലീ വർദ്ധമാന പ്രയോഗം, മാമ്പഴച്ചാറിൽ തേൻ ചേർത്തുള്ള സേവ

(25) ശോഫചികിത്സയിലെ പുനർന്നവാ യോഗങ്ങൾ, ദശമൂല ഹരീതകീ ലേഹ്യം

(26) വിദ്രധി വ്രണ ചികിത്സകളിലെ രോപണതൈല പ്രയോഗം

(27) കുഷ്ഠ ചികിത്സയിലെ തിക്തക, മഹാതിക്തക, ഗുൽഗുലുതിക്തക ഘൃതങ്ങൾ, ദുർവാദികേരം.

(28) അമ്ലപിത്ത ചികിത്സയിലെ ഗുളൂച്യാദി, പടോലാദി, വാശാദി കഷായങ്ങൾ

(29) ഇന്ദ്രലുപ്ത ചികിത്സയിലെ രസാഞ്ജനം, ഹസ്തിദന്തമഷീ പ്രയോഗങ്ങൾ
(30) ദാരണക ചികിത്സയിലെ ഗുഞ്ജാ തൈലം, ത്രിഫലാ തൈലം

(31) ദന്തചാല ചികിത്സയിലെ കരിങ്കുറിഞ്ഞിയില കഷായം, ഇലഞ്ഞിതൊലി കഷായം, തിലകല്കം.

(32) ബാലചികിത്സയിലെ രജന്യാദി ചൂർണ്ണം, അതിസാരത്തിലെ വില്വാദി, നാഗരാദി കഷായങ്ങൾ, ഛർദ്ദ്യാതിസാരത്തിലെ വില്വകഷായം (കൂവളവേര് കഷായത്തിൽ മലർപ്പൊടി, പഞ്ചസാര ചേർത്ത് പലവട്ടം), വില്വാദി ക്ഷീരം, സർവ്വരോഗഘ്നമായ ലാക്ഷാതൈലം

(33) രസായന ചികിത്സയിലെ ജലരസായനം (വെളുപ്പിന് ശീതജലപാനം, ജലനസ്യം), സാരസ്വത ഘൃതം, ലൗഹരസായനം, ശിവ ഗുളിക, ഗുഡൂച്യാദി ലേഹം

ഗുഡൂച്യാദി ലേഹം:

'ഗുഡൂച്യപാമാർഗ്ഗ വിഡംഗ ശംഖിനീ
വചാഭയാകുഷ്ഠം ശതാവരീസമാ
ഘൃതേന ലീഢപ്രകരോതി മാനവം
തൃഭിർദിനൈഃ ശ്ലോകസഹസ്രധാരിണം'

ഇത് സ്വയം കഴിച്ചും മറ്റനേകം കുട്ടികൾക്ക് കൊടുത്തും ഫലം കണ്ടിട്ടുള്ളതാണ്. ഇതിലെ ഔഷധങ്ങളോടൊപ്പം മേധ്യങ്ങളായ മറ്റു ചില ഔഷധങ്ങൾ കൂടി ചേർത്തുണ്ടാക്കിയിട്ടുള്ള യോഗ മാണ് ഇപ്പോൾ മാർക്കറ്റിൽ ലഭ്യമായിട്ടുള്ള 'സ്മൃതിഗ്രാന്യൂൾസ്'.

(34) ശ്വാന വിഷത്തിൽ അങ്കോലത്തിന്റെ വടക്കോട്ടു പോയ വേരിന്റെ കഷായത്തിൽ നെയ്യ് ചേർത്ത് സേവിയ്ക്കാൻ പറയുന്നുണ്ട്. അങ്കോലത്തിന്റെ കുരു നെന്മേനി വാകയില രസത്തിലരച്ചു ഗുളികയു രുട്ടി തുളസിനീരിൽ കൊടുത്ത് പേപ്പട്ടി വിഷത്തിന്റെ 1, 2 വേഗാവസ്ഥകളിൽ സുഖപ്പെടുത്താൻ കഴി ഞ്ഞിട്ടുണ്ട്.

(35) വാജീകരണ വിധിയിലെ അജാവൃഷണ പ്രയോഗം, അഭിഘാതജ നപുംസകത്തിലെ എള്ള്, ഞെരി ഞ്ഞിൽ ചൂർണ്ണം ആട്ടിൻപാലിൽ പാകം ചെയ്ത് സേവിയ്ക്കാനുള്ള വിധി

(36) അധോവായു ദൗർഗന്ധ്യത്തിനുള്ള ചെറുനാരങ്ങാതോടുണക്കി പൊടിച്ച് തേനിൽ ചാലിച്ചു സേവി യ്ക്കാനുള്ള വിധി

(37) ഭഗന്ദര ചികിത്സ (32 ദ്വാരങ്ങളുള്ള ശതപോനക ഭഗന്ദരം)

ജീവിതത്തിൽ ആദ്യത്തേതും അവസാനത്തേതുമെന്നു തോന്നിയ ഒരു ഭയാനകമായ ചികിത്സാ നുഭവം കൂടി ചക്രദത്തത്തിന്റെ തുണയിൽ സുഖമാക്കിയത് പറഞ്ഞു കൊണ്ട് ഈ വിഷയം അവസാ നിപ്പിക്കാം.

ഇക്കഴിഞ്ഞ വർഷം 28 വയസ്സുള്ള മെലിഞ്ഞുണങ്ങിയ ഒരു ശതപോനക ഭഗന്ദര രോഗിയെ പാലക്കാടു നിന്ന് കൊണ്ടുവന്നു. പഴുത്തു ചെളിക്കട്ട പോലിരിക്കുന്ന പൃഷ്ഠഭാഗം ഡയപർ വെച്ചു പൊതിഞ്ഞിട്ടുണ്ട്. എന്നിട്ടും അസാദ്ധ്യദുർഗന്ധം. ഒപ്പം വിടാത്ത പനിയും അൾസറേറ്റീവ് കൊളൈറ്റിസ് എന്ന രോഗത്തിന്റെ പഴുപ്പും ചോരയും കലർന്ന് ദിവസം എട്ടും പത്തും തവണയുള്ള മലം പോക്കും.

വളരെ സാത്വികനായിരുന്ന രോഗിയ്ക്ക് 4 വയസ്സിൽ തുടങ്ങിയ ഭയങ്കരമായ കരപ്പന് അന്നു മുതൽ തുടങ്ങിയ ആന്റിബയോട്ടിക്ക് ഔഷധങ്ങൾ, ഇടയ്ക്ക് നിർത്തുമ്പോഴൊക്കെ വീണ്ടും പഴുത്തു പൊട്ടാൻ തുടങ്ങിയതിനാൽ 16 വയസ്സുവരെ തുടർന്ന് കഴിച്ചിട്ടുണ്ട് എന്നതാണ് പൂർവചരിത്രത്തിൽ കണ്ടെത്താൻ കഴിഞ്ഞ ഒരു നിദാനം.

21 വയസ്സിലാണ് ഭഗന്ദരം ഉണ്ടാകാൻ തുടങ്ങിയത്. അടിയ്ക്കടി വ്രണങ്ങളുടെ എണ്ണം കൂടാൻ തുടങ്ങിയപ്പോൾ വീണ്ടും ആന്റിബയോട്ടിക്കുകളിലായി ജീവിതം. അങ്ങനെ 26 വയസ്സിൽ അൾസറേറ്റീവ് കൊളൈറ്റിസും തുടങ്ങി. ഇപ്പോൾ 40 എം.ജി. വൈസലോൺ (സ്റ്റിറോയ്ഡ്) കൂടി നിത്യവും കഴിക്കുന്നു. മലർന്നോ ചരിഞ്ഞോ കിടക്കാൻ കഴിയാതെ കമഴ്ന്നാണ് കിടപ്പ് മുഴുവൻ. കഴിഞ്ഞ 1 വർഷം മുതൽ പ്രമേഹവുമുണ്ട്.

രക്തത്തിൽ ഹിമോഗ്ലോബിന്റെ അളവ് 7 ഗ്രാമും, ഡബ്ല്യൂ.ബി.സി. 4,000ത്തിനടുത്തും. രോഗിയുടെ ദയനീയത കണ്ട് അങ്ങേയറ്റം പരിശ്രമിക്കാമെന്ന് പറഞ്ഞ് ചികിത്സ തുടങ്ങി.

ആദ്യമായി ന്യഗ്രോധാദി ഗണകഷായത്തിൽ ഒരുനുള്ള് പടിക്കാരം ചേർത്ത് ക്ഷാളനം ചെയ്ത ശേഷം അപരാജിതാധൂപചൂർണ്ണത്തിൽ മഞ്ഞൾ കൂടി ചേർത്ത് തിരിയുണ്ടാക്കി കത്തിച്ച് പുകയേൽപ്പിച്ചപ്പോൾ തന്നെ അല്പം വേദന ശമിച്ചു. ഗുൽഗുലുതിക്തകഘൃതം, ശിവഗുഡിക, പടോലകടുരോഹിണ്യാദി, നിംബാദി കഷായങ്ങൾ, മണ്ഡൂരവടകം, ചന്ദ്രപ്രഭ, കൈശോരഗുൽഗുലു ഗുളികകൾ, രക്തവർദ്ധകങ്ങളായ ഇലക്കറികൾ, പച്ചക്കറി രാഗി സൂപ്പുകൾ എല്ലാം അല്പാല്പമായി തുടങ്ങി ക്രമേണ മാത്ര കൂട്ടി ഒരാഴ്ചയ്ക്കുള്ളിൽ രോഗി അല്പം സ്നിഗ്ദ്ധനും ബലവാനുമായപ്പോൾ 2 പൃഷ്ടത്തിലും 3 ജളൗക വീതമിട്ട് 2 തവണ രക്തമോക്ഷം ചെയ്തു. ശേഷം ചക്രദത്തത്തിലെ കുഷ്ഠാദിലേപനം

''കുഷ്ഠം തൃവൃത്തിലാദന്തീ മാഗധ്യഃ സൈന്ധവം മധു
രജനീ ത്രിഫലാ തുത്ഥം ഹിതം വ്രണവിശോധനം''

2 ദിവസത്തിൽ ദുർഗന്ധവും പൂയസ്രവണവുമില്ലാതെ ശുദ്ധവ്രണമായി ക്ഷാളനം തുടർന്നു. പുറമെയിടാൻ തിലാദിലേപമാക്കി.

''തിലാഭയാ ലോധ്രമരിഷ്ടപത്രം
നിശേ വചാ ലോധ്രമഗാരധൂമഃ
ഭഗന്ദരേ നാഡ്യുപദംശയോശ്ച
ദുഷ്ടവ്രണേ ശോധന രോപണോയം''

അകത്തേക്ക് പരിണാമശൂലയിലെ തിലയവാഗു, ഗുൽഗുലുപഞ്ചപല ചൂർണ്ണം, ഹിംഗുളഭസ്മം തേൻ അല്പമാത്രയിലും ചുവന്നുള്ളിനീരും ചേർത്ത്, ഇന്ദുകാന്തം കഷായഗുളിക ഇവ കൂടി കൊടുത്തിരുന്നു.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ രക്തമോക്ഷം ഒന്നുകൂടി ആവർത്തിച്ചു. 3 ആഴ്ചത്തെ ചികിത്സക്ക് ശേഷം 70% ആശ്വാസത്തോടുകൂടി തുടർന്നു കഴിക്കാനുള്ള മരുന്നുകളോടൊപ്പം വീട്ടിലേയ്ക്കയച്ചു. അതിനിടയിൽ സ്റ്റിറോയ്ഡ് ഗുളികകൾ 40-ൽ നിന്ന് 5 മില്ലീഗ്രാമാക്കി കുറയ്ക്കാൻ കഴിഞ്ഞു.

ഗുൽഗുലുതിക്തക ഘൃതം, ശിവഗുഡിക, കൈശോര ഗുൽഗുലു, മണ്ഡൂരവടകങ്ങൾ എന്നിവ തുടർന്നുകൊണ്ട് ഒരു സ്വകാര്യ സ്ഥാപനത്തിൽ ക്ലർക്കായി ഇന്ന് ജോലിക്ക് പോയി കൊണ്ടിരിക്കുന്നു.

ഇവിടെ ജളൗകാവചരണത്തിന് മുമ്പ് 2 കുപ്പി രക്തംകൂടി കയറ്റിയിരുന്നു. പിന്നീട് നൽകിയ രക്തവർദ്ധകങ്ങളായ ആഹാരവും മരുന്നുകളുമൊക്കെ കൊണ്ട് 3-ാമത്തെ ആഴ്ചയിൽ രക്തത്തിലെ ഹിമോഗ്ലോബിന്റെ അളവ് 7-ൽ നിന്ന് 12 ഗ്രാമും, ഡബ്യ്യു.ബി.സി. 3600-ൽ നിന്ന് 7000വുമായി ഉയർന്നിരുന്നു.

ഇനിയും, കാൻസർ രോഗങ്ങളടക്കം എടുത്തുപറയേണ്ട ചികിത്സാനുഭവങ്ങൾ ചക്രദത്തത്തെ ആധാരമാക്കി വളരെയേറെയുണ്ടെങ്കിലും വിസ്താരഭയം കൊണ്ടും സമയക്കുറവു കൊണ്ടും നിർത്തുന്നു.

ചുരുക്കിപ്പറഞ്ഞാൽ, അഷ്ടാംഗഹൃദയ, ചരക, സുശ്രുതങ്ങൾ അടിത്തറയാക്കി ചക്രദത്തം കൊണ്ടുള്ള ഒരു കെട്ടിപ്പൊക്കലായിരുന്നു എന്റെ ഓരോ അസാദ്ധ്യ രോഗചികിത്സാനുഭവവും എന്നു പറയാം. ഭൈഷജ്യരത്നാവലിയും ആരോഗ്യകല്പദ്രുമവുമൊക്കെ സഹായികളായുണ്ടായിരുന്നു. എങ്കിലും, എല്ലായിടത്തും അവസാന താങ്ങ് ചക്രദത്തം കൊണ്ടു തന്നെയായിരുന്നു.

## ഗവേഷണാർഹമായ ഭാഗങ്ങൾ

(1) രാജയക്ഷ്മാ ചികിത്സയിലെ രസേന്ദ്രഗുഡിക

(2) സർവ്വരോഗഘ്നമായ സൗരേശ്വര ഘൃതം - വിശിഷ്യാ അർബുദശമനം

(3) അമ്ലപിത്ത ചികിത്സയിലെ ക്ഷുധാവതീ ഗുളിക

(4) കഷണ്ടിയ്ക്കുള്ള ആദിത്യപാകം തൈലം

(5) രോമനാശക യോഗങ്ങളായ കർപ്പൂരാദി, ആരഗ്വധാദി ക്ഷാരതൈലങ്ങൾ

(6) സർപ്പവിഷ ചികിത്സയിലെ പ്രത്യംഗിരാമൂല യോഗം

(7) കുഷ്ഠ ചികിത്സയിലെ പഞ്ചനിംബം ചൂർണ്ണം

(8) ഉദാവർത്ത, അർശ ചികിത്സയിലെ അർശഘ്നിവടി

(9) മഹോദര ചികിത്സയിലെ ബിന്ദുഘൃതം

(10) അഗ്നിദഗ്ധ വ്രണത്തിനുള്ള ജീരകഘൃതം

(11) അസ്ഥിഭംഗ ചികിത്സയിലെ അസ്ഥിസംഹാരയോഗം, വരടികാഭസ്മ പ്രയോഗം

(12) സർവ്വവ്രണഘ്നമായ അങ്ഗാരക തൈലം, സപ്താംഗഗുൽഗുലു

(13) ആമവാതം, ഗൃധ്രസീ, ഭംഗം, ഖലതീ മുതലായവക്കുള്ള സിദ്ധ്മല

തുടങ്ങി അനേകം അതിവിശിഷ്ടങ്ങളായ യോഗങ്ങൾ നമ്മുടെ പല അസാദ്ധ്യ രോഗങ്ങൾക്കു മുള്ള ശമനോപായങ്ങളായി ഗവേഷണമർഹിക്കുന്നതായി ചക്രദത്തത്തിലുണ്ട്.

ചക്രദത്തത്തെ ആധാരമാക്കി, കേവലം അല്പജ്ഞാനിയായ എന്റെ കണ്ടെത്തലുകൾ വിദ്വത് സഭയുടെ വിശകലനത്തിനും തിരുത്തലുകൾക്കുമായി സമർപ്പിക്കുന്നു.

നന്ദി, നമസ്കാരം.